പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 395 — 23.01.2018 -ൽ മറുപടിക്ക്.

## പെട്രോൾ പമ്പുകൾ/ഗ്യാസ് ഏജൻസികൾ എന്നിവയിൽ പരിശോധന

| ചോദ്യം<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | പെട്രോൾ പമ്പുകൾ/ഗ്യാസ് ഏജൻസികൾ എന്നിവയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും ഗവൺമെന്റ് പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നോ; എങ്കിൽ എത്ര തവണ വീതം ഏതെല്ലാം വകുപ്പുകളുടെ എന്ന് വ്യക്തമാക്കാമോ ; | (എ) സിവിൽ സപ്ലൈസ് വകുപ്പ് തലത്തിൽ സംസ്ഥാനത്ത് 423 ഗ്യാസ് ഏജൻസികളിലും 232 പെട്രോൾ പമ്പുകളിലും പരിശോധന നടത്തിയിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് 3305 പെട്രോൾ ഡിസ്പെൻസിംഗ് യൂണിറ്റുകളും 440 ഗ്യാസ് ഏജൻസികളും പരിശോധിച്ചിട്ടുണ്ട്. |
| (ബി) | മായം കലർത്തൽ, അളവിലെ കൃത്രിമം, ഉപഭോക്താവിന് ലഭ്യമാക്കേണ്ട സൗകര്യങ്ങൾ എന്നവയിൽ കണ്ടെത്തിയ കുറ്റകൃത്യങ്ങൾ എത്രയെന്നും ഇവയിൽ എത്ര എണ്ണത്തിന് കുറ്റം ചുമത്തി നടപടി ആക്കിഎന്നും കുറ്റം ചുമത്തപ്പെട്ട എത്ര ഏജൻസികളുടെ ലൈസൻസ് റദ്ദാക്കുകയോ താൽക്കാലികമായി അടച്ച് പൂട്ടുകയോ ചെയ്തിട്ടുണ്ട് എന്നും വ്യക്തമാക്കാമോ ; | (ബി) മായം കലർത്തൽ, അളവിലെ കൃത്രിമം, ഉപഭോക്താവിന് ലഭ്യമാക്കേണ്ട സൗകര്യങ്ങൾ എന്നവയിൽ വകുപ്പ് 12 പെട്രോൾ പമ്പുകൾക്കെതിരെയും 54 ഗ്യാസ് ഏജൻസികൾക്കെതിരെയും കുറ്റം ചുമത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഒരു ഗ്യാസ് ഏജൻസി റദ്ദ് ചെയ്യുന്നതിനായി ഓയിൽ കമ്പനിക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് പെട്രോൾ പമ്പുകളിൽ 30 കേസ്സുകളും ഗ്യാസ് ഏജൻസികളിൽ 102 കേസ്സുകളും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് സമീപം പമ്പിൽ നിന്ന് പെട്രോളിന് പകരം പച്ചവെള്ളം നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്തെല്ലാം നടപടികൾ ഏതൊക്കെ വകുപ്പുകൾ സ്വീകരിച്ചു; വിശദമാക്കുമോ ? | (സി) 15.10.2017 ൽ M/s. ദീദി ഫ്യൂവൽസ് എന്ന പെട്രോളിയം ഔട്ട് ലെറ്റിനെതിരെ ഓയിൽ കമ്പനിക്ക് ഇത്തരം ഒരു പരാതി കിട്ടുകയും ആയത് ഉടൻ തന്നെ അന്വേഷിക്കുകയും പമ്പിലെ ഡിസ്പെൻസിംഗ് ഉപകരണങ്ങളിൽ ഉണ്ടായ പാകപ്പിഴ മൂലമാണ് ഇതു സംഭവിച്ചതെന്നും ആയത് പരിഹരിക്കുകയും ഉപഭോക്താവിന്റെ വാഹനം ഡീലറുടെ ചെലവിൽ സർവ്വീസ് ചെയ്തു കൊടുത്തിട്ടുണ്ടെന്നും ഇത്തരം പാകപ്പിഴകൾ ഉണ്ടാകാതിരിക്കാൻ ഡീലർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ